ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/10/2014*
*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*

# MAHARSHI DAYANAND-A VERSATILE GENIUS

Among the great personalities of the world, Swamy Dayanand's gradeur was unique.
Others had one quality or another-just short of versatile personality.
One was a great devotee of God but not a man of learning
Another was a man of learning but lacked the zeal for reform.
Someone was a reformer but lacked courage
The one who had courage was not a celibate
Another was a celibate but not a sanyasi.
One was a sanyasi but not an orator.
One who was an orator was not a writer.
If one was a writer, he lacked character.
A man of Character was not a philanthropist.
If one was a philanthropist, he was not a man of action.
A man of action was short of renunciation.
And a man of renunciation was not a patriot.
A man of patriotism was not devoted to the Vedas.
And the man devoted to the Vedas was not generous.
If one were generous, he lacked purity of food.
A fighter for good causes lacked simplicity.
Another had purity of food but he was not a fighter for good cause
While a man of simplicity lacked the beauty of life.
Someone's beauty of life was without strength of body and mind
While another's strength was coupled with lack of compassion.
If one was compassionate, he lacked the discipline of character and habit
Amidst this grandeur and the partial want of it
Swamy Dayanand Stood unique, Tall and grand.
Commanding the heights of all human qualities of body, mind and soul.
He was the very epitome of man
If you wish to see all the essences of humanity in one personality,
Turn to Swamy Dayanand objectively.
Leaving prejudice and partiality behind.

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 2 ലക്കം 4

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ആശ്വിന – കാർത്തിക
1190 കന്നി – തുലാം 2014 ഒക്ടോബർ

വാർഷിക വരിസംഖ്യ: ₹ 60 ദീർഘകാലം: ₹1000/-



## മഹർഷി ദയാനന്ദ സരസ്വതി

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഒക്ടോബർ 2 | – | ഗാന്ധിജയന്തി |
| ഒക്ടോബർ 3 | – | വിജയദശമി |
| ഒക്ടോബർ 4 | – | ശ്യാംജി കൃഷ്ണവർമ്മ ജന്മദിനം |
| ഒക്ടോബർ 13 | – | ഭഗിനി നിവേദിത നിർവ്വാണദിനം |
| ഒക്ടോബർ 22 | – | ദീപാവലി (ഋഷി നിർവ്വാണദിനം) |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം



***മധുഛന്ദാ ഋഷിഃ സരസ്വതി ദേവതാഃ** പിപീലികാമദ്ധ്യാനിച്യദ് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

ചോദയിത്രീ സൂനൃതാനാം ചേതന്തീ സുമതീനാമ് ।
യജ്ഞം ദധേ സരസ്വതീ ॥ *(ഋഗ്വേദം 1. 3. 11)*

**പദാർത്ഥം:** (സൂനൃതാനാം) ഏതൊന്നാണോ മിഥ്യാവചനങ്ങളെ നശിപ്പിക്കുന്നതും സത്യവചനങ്ങളേയും കർമ്മങ്ങളേയും സദാസേവനം ചെയ്യുന്നതും (സുമതീനാമ്) അത്യന്ത ഉത്തമബുദ്ധിയും അറിവുമുള്ള വിദ്വാൻമാരെ (ചേതന്തീ) അറിയുന്നതും (ചോദയിത്രീ) ശുഭഗുണങ്ങളെ ഗ്രഹിക്കുന്നതുമായ (സരസ്വതീ) വാണി, ആ വാണി ശുഭഗുണങ്ങളുടെ പ്രകാശം പരത്തുന്ന യജ്ഞാദികർമ്മങ്ങളെ ധാരണം ചെയ്യുന്നതാണ്.

**ഭാവാർത്ഥം:** ആപ്തൻ അഥവാ പൂർണ്ണവിദ്യായുക്തരും കപടത തുടങ്ങിയ ദോഷരഹിതരുമായ പണ്ഡിതന്മാർ മനുഷ്യർക്ക് സത്യോപദേശം ചെയ്യുന്ന വാണി എല്ലാവർക്കും സത്യജ്ഞാനം നേടാൻ യോഗ്യമായിതീരുന്നു. പാമരൻമാരുടെ വാണി അങ്ങിനെയല്ല.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ. എം. രാജൻ)*

**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch**

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3. 2. 4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*







# വേദപ്രകാശം പാഠാവലി

*ജാതവേദൻ*

(അപൗരുഷേയവും സർവ്വവിജ്ഞാനങ്ങളുടെയും അക്ഷയഖനിയുമായ വേദങ്ങളെയും വൈദികസിദ്ധാന്തങ്ങളെയും ജിജ്ഞാസുക്കൾക്ക് പരിചയപ്പെടുത്തുന്നതിനായി ഒരു പങ്തി ആരംഭിക്കുകയാണ്. മഹർഷി ദയാനന്ദസരസ്വതിയുടെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തെ അടിസ്ഥാനമാക്കി ചോദ്യോത്തരരൂപത്തിൽ തയ്യാറാക്കിയതാണിത്.)

**പത്രാധിപർ**

## പാഠം :1
## ഈശ്വരൻ

1. ഈശ്വരന്റെ മുഖ്യനാമമെന്ത്?
   ഓം എന്നാണ് ഈശ്വരന്റെ മുഖ്യനാമം.
2. ഈശ്വരന് എത്ര നാമങ്ങളുണ്ട്?
   ഈശ്വരന് അനേകം നാമങ്ങളുണ്ട്.
3. ഈശ്വരന്റെ പേരുകളിൽ നിന്ന് നാം എന്താണ് മനസ്സിലാക്കുന്നത്?
   ഈശ്വരന്റെ ഗുണ – കർമ്മ – സ്വഭാവങ്ങളെയാണ് ആ പേരുകളിൽ നിന്ന് മനസ്സിലാക്കുന്നത്.
4. ഈശ്വരൻ ഒന്നാണോ അതോ അനേകമാണോ?
   ഈശ്വരൻ ഒന്നേയുളളൂ. അദ്ദേഹത്തിന് അനേകം നാമങ്ങളുണ്ട്.
5. ഈശ്വരൻ ജന്മമെടുക്കുമോ?
   ഈശ്വരൻ ഒരിക്കലും ജന്മമെടുക്കില്ല. അദ്ദേഹത്തെ 'അജന്മ' എന്നാണ് വിശേഷിപ്പിക്കുന്നത്.
6. സ്തുതി, പ്രാർത്ഥന, ഉപാസന എന്നിവ ആരുടെയാണ് ചെയ്യേണ്ടത്?
   ഈശ്വരന്റെ മാത്രമേ സ്തുതി, പ്രാർത്ഥ, ഉപാസന എന്നിവ ചെയ്യാൻ പാടുള്ളു.
7. ഈശ്വരനെക്കാളും സാമർത്ഥ്യശാലി ആരാണുള്ളത്?
   ആരുമില്ല. അദ്ദേഹം സർവ്വശക്തിമാനാണ്.
8. ഇന്ദ്രൻ എന്നത് ആരുടെ പേരാണ്?
   ആരിലാണോ ഏറ്റവും അധികം ഐശ്വരമുള്ളത് അദ്ദേഹത്തെ ഇന്ദ്രൻ എന്നു പറയുന്നു. ഈശ്വരന്റെ ഒരു നാമമാണ് ഇന്ദ്രൻ.

(തുടരും)

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36. 18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



### മഥുരയിലെ ദണ്ഡി വിരജാനന്ദനുമായുള്ള കൂടിക്കാഴ്ച

**ത**ന്റെ യാത്രാമദ്ധ്യേ സ്വാമി ദയാനന്ദൻ മഥുരയിൽ മഹാപണ്ഡിതനായ ഒരു സന്യാസിവര്യൻ ഉണ്ടെന്നും അദ്ദേഹം വൈദികവാങ്മയത്തിൽ അഗാധജ്ഞാനിയും വളരെ നന്നായി അധ്യാപനം നടത്തുന്നവനുമാണെന്നും കേൾക്കാനിടയായി. സ്വാമി വിരജാനന്ദൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ദണ്ഡിജി എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. ചെറുപ്പകാലത്ത് തന്നെ അന്ധനായിരുന്നു അദ്ദേഹം. തന്റെ അപാരശക്തിയിലാണ് അദ്ദേഹം ഉന്നതവിദ്യാഭ്യാസം നേടിയത്.

ദണ്ഡിജിയുടെ നിയമങ്ങൾ വളരെ വിചിത്രമായതായിരുന്നു. പഠിക്കാനായി പുതിയ വിദ്യാർത്ഥികൾ എത്തിയാൽ അദ്ദേഹം അവരോട് ചോദിക്കുന്ന രണ്ടുസ്ഥിരം ചോദ്യങ്ങളുണ്ട്. "നീ ഏതെല്ലാം പുസ്തകങ്ങളാണ് പഠിച്ചിരിക്കുന്നത്? നിന്റെ കയ്യിൽ ഇപ്പോൾ ഏതെല്ലാം ഗ്രന്ഥങ്ങളാണുള്ളത്?" പഠിച്ചുവെന്നു പറയുന്ന ഗ്രന്ഥങ്ങളിൽ വേദവിരുദ്ധമായവ വല്ലതുമുണ്ടെങ്കിൽ അവയെ യമുനാനദിയുടെ പ്രവാഹത്തിൽ ഒഴുക്കി വിടാൻ പറയുമായിരുന്നു. മത്രവുമല്ല, അത്തരം ഗ്രന്ഥങ്ങളിൽ നിന്നും പഠിച്ചവ ഓർമ്മയിൽ നിന്നും മായിച്ചുകളയുവാനും പറയുമായിരുന്നു. ഈ ആജ്ഞകളെ അംഗീകരിക്കാൻ വിസമ്മതിക്കുന്നവരെ ദണ്ഡിജി തന്റെ ശിഷ്യൻമാരാക്കുമായിരുന്നില്ല. ഈ നിയമങ്ങൾ ദയാനന്ദനിൽ കൗതുകമുണർത്തി. തനിക്ക് യഥാർത്ഥ ജ്ഞാനം നൽകാൻ യോഗ്യനായ ഗുരുവിനെയാണ് ലഭിച്ചത് എന്നദ്ദേഹത്തിന് ബോധ്യമായി. തന്റെ ഗുരുവിന്റെ ആജ്ഞക്കനുസരിച്ച് ദയാനന്ദൻ പ്രവർത്തിച്ചു. അങ്ങിനെ പഠനമാരംഭിച്ചു.

*(തുടരും)*

### വിചാര വിപ്ലവത്തിന് പ്രചോദനം ആര്യസമാജം

മഹർഷി ദയാനന്ദ് ആംഗ്ലോ വേദിക് സ്കൂളിൽ ഞങ്ങൾക്ക് പഠിക്കാൻ അവസരം ലഭിച്ചു. ഞങ്ങളുടെ (വിപ്ലവകാരികളുടെ) വിചാരങ്ങൾക്കും മാനസിക ഉന്നതിയുടെ നിർമ്മാണത്തിനും ഏറ്റവും അധികം പ്രചോദനം ലഭിച്ചത് ആര്യസമാജത്തിൽ നിന്നാണ്. ഇക്കാര്യത്തിൽ ഞങ്ങളെല്ലാവരും ആര്യസമാജത്തോട് കടപ്പെട്ടിരിക്കുന്നു.

**വീരബലിദാനി സർദാർ ഭഗത്സിംഗ്**

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ - വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 2 ലക്കം 4

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ആശ്വിന - കാർത്തിക
1190 കന്നി - തുലാം 2014 ഒക്ടോബർ

**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| സംശയനിവാരിണി | : | 10 |
| ജീവിതം ഒരലയാഴി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വേദപ്രകാശം പാഠാവലി | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ,
പാലക്കാട് - 679 504
Ph:9562529095, 9446017440
Email:dayanandasandesam@gmail. com
Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ഇരുട്ടിൽ നിന്നും വെളിച്ചത്തേയ്ക്ക് നയിച്ചാലും



**ആ**ര്യപർവ്വപദ്ധതിയിൽ വരുന്ന വിജയദശമിയും ദീപാവലിയും ഈ മാസത്തിൽ നാം ആചരിക്കുന്നു. നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന നമ്മുടെ ആര്യാവർത്തത്തിൽ വിവിധ പ്രകാരത്തിലാണ് ഈ പർവ്വങ്ങൾ ആചരിച്ചുവരുന്നത്. വൈദേശികാധിപത്യത്തെ തുടർന്ന് വേദപ്രചാരണത്തിന്റെയും ആർഷപദ്ധതിയനുസരിച്ചുള്ള വിദ്യാഭ്യാസവ്യവസ്ഥയുടെയും ദീർഘകാലമായുണ്ടായ ശോചനീയാവസ്ഥകാരണമാണിങ്ങനെ സംഭവിച്ചത്.

വർഷ ഋതുവിൻ നിന്നും ശരത് ഋതുവിലേക്കുള്ള പ്രവേശമാണ് വിജയദശമി പർവ്വത്തിന്റെ ഒരു പ്രധാന സവിശേഷത. ചാതുർമാസ്യം കഴിഞ്ഞ് പണ്ഡിതൻമാരും, ക്ഷത്രിയരും, വ്യാപാരികളും, കൃഷിക്കാരും തങ്ങളുടെ കർമ്മമണ്ഡലത്തിലേക്ക് പ്രയാണം തുടരുന്നതും ഈ സമയത്താണ്.

വിജയദശമിപർവ്വം 'രാംലീല' എന്ന പേരിലാണ് ദീർഘകാലമായി ഉത്തരേന്ത്യ

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

യിൽ ആചരിച്ചുവരുന്നത്. വിജയദശമി ദിനത്തിലാണ് ശ്രീരാമചന്ദ്രൻ രാക്ഷസരാജാവായ രാവണനെ വധിച്ച് ലങ്കക്കുമേൽ വിജയം നേടിയത് എന്ന ഒരുമിഥ്യാസങ്കൽപ്പമാണതിനു പിന്നിൽ. എന്നാൽ ശ്രീരാമന്റെ ജീവിതകഥ വിവരിക്കുന്ന പ്രമാണഗ്രന്ഥമായ വാല്മീകിരാമായണത്തിൽ പറയുന്നത്. ഈ ദിനത്തിൽ ശ്രീരാമചന്ദ്രൻ ലങ്കാപുരിയിലേക്ക് സൈനികമുന്നേറ്റം തുടങ്ങി എന്നും ചൈത്രമാസത്തിലെ അമാവാസ്യാദിനത്തിലാണ് രാവണനിഗ്രഹം നടത്തിയത് എന്നുമാണ്. കഥകൾക്കും ഐതിഹ്യങ്ങൾക്കും പിറകേപോയി ധനനഷ്ടവും സമയനഷ്ടവും വരുത്തുന്നതിനു പകരം ലോകഹിതങ്ങളായ കാര്യങ്ങൾക്കായി ഈ വിജയദശമി പർവ്വം വിനിയോഗിക്കണമെന്നതാണ് ആർഷമതം. പല നവോത്ഥാനപ്രസ്ഥാനങ്ങളും ആരംഭിച്ചത് ഈ വിജയദശമി പർവ്വത്തിലാണെന്നും ഓർക്കുക.

വിജയദശമിപോലെ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പർവ്വമാണ് ദീപാവലി. ശരത്ഋതു സമാപിച്ച് ഹേമന്ത ഋതു തുടങ്ങാൻ ഏതാനും ദിവസം കൂടി ബാക്കിയുള്ളപ്പോൾ വരുന്ന ഈ ഉൽസവം 'ശാരദീയ നവസസ്യേഷ്ടി'യായാണ് വൈദിക ഗ്രന്ഥങ്ങളിലും ഗോഭിലഗൃഹ്യസൂത്രം, പാരസ്കര ഗൃഹ്യസൂത്രം, ആപസ്തംബീയ ഗൃഹ്യസൂത്രം, മനുസ്മൃതി എന്നിവയിൽ വിവരിക്കുന്നത് (ഗോഭില ഗൃഹ്യസൂത്രം തൃതീയപ്രപാഠകം സപ്തമഖണ്ഡം 7-24 സൂത്രങ്ങൾ, പാരസ്കര ഗൃഹ്യസൂത്രം ദ്വിതീയകാണ്ഡം 17-ാം ഖണ്ഡിക 1-18 സൂത്രങ്ങൾ, ആപസ്തംബിയ ഗൃഹ്യസൂത്രം 19-ാം ഖണ്ഡം, മനുസ്മൃതി 4-26), കർഷകരുടെ ഒരുൽസവംകൂടിയാണിത്. കൃഷിമുഖ്യ ഉപജീവനമാർഗ്ഗമായ ഭാരതത്തിൽ പുതിയ കൃഷി ആരംഭിക്കുന്ന സമയം കൂടിയാണിത്. (നവ=പുതിയ, സസ്യ=ധാന്യ കൃഷി, ഇഷ്ടി=യജ്ഞം എന്നാണ് നവസസ്യേഷ്ടി എന്നുകൊണ്ടുദ്ദേശിക്കുന്നത്.)

ഭാരതവർഷത്തേ സംബന്ധിച്ചിടത്തോളം മറ്റൊരുവിശേഷതകൂടിയുണ്ട് ദീപാവലിയ്ക്ക്. അനാചരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും പിടിയിലകപ്പെട്ട് സ്വധർമ്മം ഉപേക്ഷിച്ച് പരധർമ്മത്തിലേക്ക് കൂട്ടപാലായനത്തിന്റെ വക്കിലെത്തി നിന്നിരുന്ന ആര്യജനത(ഹൈന്ദവജനത)യെ വേദങ്ങളിലേക്ക് മടങ്ങാൻ ആഹ്വാനം ചെയ്തുകൊണ്ട് ഭാരതത്തിന്റെ സ്വാഭിമാനം ഉയർത്തിയ മഹർഷി ദയാനന്ദസരസ്വതിയുടെ നിർവ്വാണദിനം കൂടിയാണ് ദീപാവലി. സെമിറ്റിക് മതക്കാരുടേതുപോലെ മഹാപുരുഷന്മാരുടെ നിർവ്വാണദിനം ദുഃഖാതുരമായി കൊണ്ടാടുകയും കരച്ചിലും പിഴിച്ചിലുമായി ആചരിക്കുന്ന രീതി വൈദികധർമ്മാവലംബികളായ ആര്യന്മാർക്കില്ല. അത്തരം ദിനങ്ങളിൽ ആ പുണ്യപുരുഷന്മാരുടെ ഗുണഗീതങ്ങളും പ്രവർത്തനങ്ങളും സ്മരിച്ചുകൊണ്ട് ആചരിക്കാനാണ് നമ്മുടെ ഋഷീശ്വരന്മാർ നിർദ്ദേശിച്ചിരുന്നത്. ഭാരതീയ പൈതൃകത്തിൽ നിന്നും രൂപം കൊണ്ട സിക്കുമതം, കബീർമതം തുടങ്ങിയ നവീനമതക്കാരും ഇത്തരം പ്രവർത്തനങ്ങളാണ് തുടർന്നുപോകുന്നത്. അന്നദാനവും വിവിധ സേവാപ്രവർത്തനങ്ങളുമായാണിവ ആചരിക്കുന്നത്. ഈ ശുഭാവസരത്തിൽ എല്ലാവർക്കും മംഗളാശംസകൾ നേരുന്നു.

**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





ഗത്തിനേയും സമാനരൂപത്തിൽ അനുഗ്രഹിക്കുന്നവനാണ്. അതിനാൽ അദ്ദേഹം തന്നവേദങ്ങളിൽ പക്ഷപാതമുണ്ടാകുന്നതെങ്ങിനെ? ഇതേപോലെ ഈശ്വരൻ ന്യായകാരിയുമാണ്. പക്ഷപാതമുണ്ടാകുമെന്ന ആശങ്കയ്ക്ക് തെല്ലും സ്ഥാനമില്ല. പക്ഷപാതമായതരത്തിലുള്ള വിദ്യ ഈശ്വരപ്രണീതമാവുകയുമില്ല. ഇതിന്നൊരുദാഹരണമെടുക്കാം. വേദങ്ങളുടെ ഭാഷ എന്താണ്? സംസ്കൃതമാണല്ലോ. ഇത് ഒരു പക്ഷപാതം വരുന്നതല്ലേ എന്നാരെങ്കിലും പ്രശ്നമുന്നയിച്ചാൽ അതിനുള്ള ഉത്തരം ഇപ്രകാരമാണ്. സംസ്കൃതം സർവ്വഭാഷകളുടേയും മൂലമാണ്. ഇംഗ്ലീഷ് പോലുള്ള ഭാഷകൾ ഈ പരമ്പരയിൽ നിന്ന് രൂപമെടുത്തതാണ്. ഒരു ഭാഷ മറ്റൊരു ഭാഷയുടെ അപഭ്രംശമായാണ് ഉൽപ്പന്നമാകുന്നത്. 'വയമ്' എന്ന സംസ്കൃതശബ്ദത്തിലെ 'യമ്' എന്നത് മാറ്റങ്ങൾക്കധീനമായി 'വി' എന്ന ശബ്ദമായിതീർന്നു. അതേപോലെ 'പിതര' എന്നതിൽ നിന്ന് 'പേതർ,' 'ഫാദർ' എന്നും 'യൂയമ്' എന്നത് 'യു' എന്നും 'ആദിമ' മെന്നത് 'ആദം' എന്നുമായി രൂപാന്തരപ്പെട്ടു. ഇവയിൽ ചില പദങ്ങൾ ഏതാനും നിയമങ്ങളുടെ അടിസ്ഥാനത്തിലും മറ്റു ചിലത് ജനങ്ങളുടെ സാമാന്യ ഉപയോഗം മൂലവും മാറ്റം വന്നതാണ്. ഈ വിഷയത്തേകുറിച്ച് അധികം വിസ്തരിക്കാനില്ല. ഈശ്വരനിൽ എങ്ങിനെയാണോ അനന്തമായ ആനന്ദമുള്ളത് അത്തരത്തിൽ സംസ്കൃതഭാഷയിലും അനന്താനന്ദമുണ്ട്. ഈ ഭാഷയേപ്പോലെ മൃദുവും, വ്യാപകവും, സർവ്വഭാഷകളുടേയും മാതാവുമായ മറ്റേത് ഭാഷയുണ്ട്?

***(തുടരും)***

## MAHARSHI DAYANADA SARASWATHI

"He came here when there was a chronic attack of Islam on one side and Christianity on the other. He saved Hindustan from all these dangers fighting against them boldly. He found India like a forest. He made it a habitable tenement. He treated the cause surgically like a doctor and thus met the evil boldly. Let his efforts not go away in vain. We should be true to him. Swami Dayanand wanted to establish such a religion, whose culture, traditions and tenens make no compromise with evil but offer no impediments to human progress."

[Extract from a speech of Chakravarthi Rajagoplachari (The first Governor General of India) at Ramlila Ground New Delhi in 1948.]

*ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും*

ചവിട്ടും കുത്തുമായി ഒരുവിധം അകത്ത് കേറി. ഗീറുമാറ്റുമ്പോൾ വീഴാതിരിക്കാൻ മേലേ കമ്പി പിടിച്ചു. അയാളുടെ ആകാംക്ഷാഭരിത നേത്രങ്ങൾ അവിടെയെല്ലാം തപ്പി നടന്നു. ഇരിക്കാനിടമില്ല. കാലൂന്നാനിടം കൊടുത്താൽ കിടപ്പുറപ്പിക്കുന്ന സ്വഭാവക്കാരാണല്ലോ മനുഷ്യരെന്ന ജീവികൾ. മൃഗങ്ങളെക്കാൾ പരം, അവയ്ക്ക് ആപത്സമയങ്ങളിലെങ്കിലും സഹകരണമുണ്ട്. ശ്വാക്കളെപ്പോലെ ജാതി സ്പർദ്ധയില്ല. കണ്ടക്ടർ ബെല്ലടിച്ചു. വണ്ടി ഇരമ്പികൊണ്ട് മുന്നോട്ട് നീങ്ങി.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*

## അഞ്ചാം പ്രഭാഷണം (വേദവിഷയം)



**വേ**ദം പോലുള്ള ഗ്രന്ഥങ്ങൾ എഴുതുക എന്നത് മനുഷ്യർക്ക് സാധിക്കാവുന്നതാണെന്നും അതിനാൽ ഈശ്വരനാണ് വേദകർത്താവ് എന്നംഗീകരിക്കേണ്ട ആവശ്യമുണ്ടോ എന്നും ചിലർ സംശയമുന്നയിച്ചേക്കാം. ഇവിടെ നമുക്കൽപ്പം ചിന്തിക്കാം. വിദ്യയും ജഢവസ്തുക്കളുടെ നിർമ്മാണവും തമ്മിൽ വലിയ അന്തരമുണ്ട്. ജഢവസ്തുക്കളുടെ രചനമാത്രമാണ് പരമേശ്വരൻ ചെയ്തത് എങ്കിൽ അതിൽ വലിയ മാഹാത്മ്യമുണ്ടാവുന്നില്ല. എന്തെന്നാൽ വിദ്യയുടെ മുന്നിൽ ജഢസൃഷ്ടിരചന ഒന്നുമേയല്ല. അതിനാൽ വിദ്യയുടെ കാരണവും ഈശ്വരനാണെന്ന് നമുക്ക് അംഗീകരിച്ചേ പറ്റൂ. അന്യക്ഷുദ്രപദാർത്ഥങ്ങളുടെ നിർമ്മാണം നടത്തിയ ഈശ്വരൻ വിദ്യാരൂപിയായ വേദങ്ങൾ പ്രകാശിപ്പിച്ചില്ലാ എന്നുവരുന്നത് എങ്ങിനെ ശരിയാവും?

ഇനി വേദവിദ്യ ഈശ്വരനാൽ നിർമ്മിക്കപ്പെട്ടതാണെങ്കിൽ അതിന്റെ താത്പര്യമെന്താണ്? അങ്ങിനെയും ചോദ്യങ്ങളുയരാം. ആദ്യത്തെ ജ്ഞാനം അഥവാ എല്ലാവിദ്യകളുടേയും മൂലതത്ത്വം ഈശ്വരനാൽ പ്രകാശിപ്പിക്കപ്പെട്ടു എന്നതാണിതിനുള്ള ഉത്തരം. അവയുടെ വിശേഷപ്രഭാവം മനുഷ്യകരങ്ങളുടെ പരിശീലനത്തിലൂടെ നടക്കും.

ആദിവിദ്യ അഥവാ വേദങ്ങൾ ഈശ്വരൻ പ്രകാശിപ്പിച്ചു എന്നുള്ളതിനുള്ള പ്രമാണങ്ങൾ നോക്കാം:-


1. ഒന്നാമത്തെ പ്രമാണമെന്തെന്നാൽ വേദങ്ങളിൽ പക്ഷപാതമില്ല. ഈശ്വരൻ സർവ്വജ

***ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

**(വൈദികധർമ്മ പ്രശ്നോത്തരി)**

***- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി***
***തർജ്ജമ: കെ.എം. രാജൻ***

## പാഠം- 10 ഋഷി ദയാനന്ദൻ-ആര്യസമാജസ്ഥാപകൻ

***ചോദ്യം: മൂൽജി ആരിൽ നിന്ന് എപ്പോൾ സന്യാസദീക്ഷ സ്വീകരിച്ചു? അദ്ദേഹത്തിന്റെ പുതിയ പേര് എന്തായിരുന്നു?***

***ഉത്തരം:*** പൂർണ്ണാനന്ദ സരസ്വതി എന്ന പണ്ഡിതനായ ഒരു സന്യാസിയിൽ നിന്നും 24 വയസ്സുള്ള സമയത്ത് സന്യാസം സ്വീകരിച്ചു. ദയാനന്ദ സരസ്വതി എന്ന പേരും സ്വീകരിച്ചു.

***ചോദ്യം: വൈദിക ധർമ്മോദ്ധാരണത്തിന് പ്രേരണ നൽകിയ സ്വാമി ദയാനന്ദന്റെ ഗുരു ആരായിരുന്നു?***

***ഉത്തരം:*** മഥുരയിൽ താമസിച്ചിരുന്ന ഗുരു സ്വാമി വിരജാനന്ദനായിരുന്നു സ്വാമി ദയാനന്ദന്റെ പൂജ്യഗുരു. അദ്ദേഹത്തിൽ നിന്നും ദയാനന്ദൻ വേദ-വേദാംഗങ്ങൾ സവിസ്തരം പഠിച്ചു. സർവ്വത്ര വേദപ്രചാരം നടത്തുക, ഋഷികൃത ഗ്രന്ഥങ്ങൾ പഠിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുക, വേദവിരുദ്ധപ്രവർത്തനങ്ങളിൽ നിന്നും ജനങ്ങളെ വിമുക്തരാക്കുക എന്നിവ ഗുരുദക്ഷിണയായി ഗുരുവിരജാനന്ദൻ ദയാനന്ദനിൽ നിന്നും ആവശ്യപ്പെട്ടു.

***ചോദ്യം: വിദ്യാഗ്രഹണത്തിനുശേഷം വൈദികധർമ്മപ്രചാരണത്തിനും സാമൂഹ്യനവോത്ഥാനത്തിനുമായി ഋഷി ദയാനന്ദൻ ചെയ്ത സേവനങ്ങൾ എന്തെല്ലാമാണ്?***

***ഉത്തരം:*** കാശി തുടങ്ങിയ വലിയ വലിയ നഗരങ്ങളിലെ പണ്ഡിതന്മാരുമായി വിഗ്രഹാരാധന തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രാർത്ഥങ്ങൾ നടത്തിയും കുംഭമേള തുടങ്ങിയ വിശേഷാഘോഷങ്ങളിൽ പങ്കെടുക്കാനെത്തുന്നവർക്കുമുമ്പിൽ വൈദിക ധർമ്മത്തേകുറിച്ച് പ്രഭാഷണങ്ങൾ നടത്തിയും വൈദിക ധർമ്മസിദ്ധാന്തങ്ങളെ വിശദീകരിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ രചിച്ചും അദ്ദേഹം ജനങ്ങളെ പ്രബുദ്ധരാക്കി. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥങ്ങൾ ഇവയാണ്. 1. യജുർവ്വേദഭാഷ്യം

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40 – 2)* **നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

സംസ്കൃതത്തിൽ രചിച്ചു. പിന്നീടിത് ഹിന്ദിയിലേക്ക് പണ്ഡിതൻമാർ തർജ്ജമ ചെയ്തു. 2. ഋഗ്വേദത്തിന്റെ 6-ാം മണ്ഡലം 62-ാം സൂക്തം വരെ സംസ്കൃതത്തിൽ ഭാഷ്യമെഴുതി. 3. വൈദിക പ്രാർത്ഥനകളുടെ ഗ്രന്ഥമായ 'ആര്യാഭിവിനയം'. 4. സത്യാർത്ഥ പ്രകാശം, 5. ഋഗ്വേദാദി ഭാഷ്യഭൂമിക, 6. സംസ്കാരവിധി, 7. ഭ്രമോഛേദനം, വേദവിരുദ്ധമത ഖണ്ഡനം തുടങ്ങിയ നിരവധി ചെറിയപുസ്തകങ്ങൾ. 8. പശുക്കളുടെ സംരക്ഷണത്തിനും മാംസാഹാരത്തിന്റെ ഖണ്ഡനത്തിനുമായി 'ഗോകരുണാനിധി' എന്ന ഗ്രന്ഥമെഴുതി. ഗോവധം നിരോധിക്കുന്നതിനായി ഈ പുസ്തകം വഴി ലക്ഷകണക്കിനുപേരുടെ ഒപ്പിട്ട നിവേദനപത്രം വിക്ടോറിയാ റാണിക്കയച്ചുകൊടുക്കാൻ അദ്ദേഹം പ്രശംസനീയമായ യത്നം നടത്തി.

സംസ്കൃതഭാഷയുടെ പ്രചാരണത്തിനായി വിവിധസ്ഥലങ്ങളിൽ സംസ്കൃത പാഠശാലകൾ തുടങ്ങി. അനാഥരായവരുടെ സംരക്ഷണത്തിനായി ഫിറോസ്പൂരിൽ അനാഥാലയം തുടങ്ങി. വിഗ്രഹാരാധന, ജന്മനായുള്ള ജാതിവ്യവസ്ഥ, തീർത്ഥയാത്ര ചെയ്താൽ പാപങ്ങൾ തീരുമെന്ന വിശ്വാസം, വിധവകളെ ജീവിതകാലം മുഴുവൻ അത്തരത്തിൽ കഴിയുവാൻ നിർബന്ധിക്കുക തുടങ്ങിയ ദുരാചരങ്ങളെ അദ്ദേഹം എതിർത്ത് വർണ്ണാശ്രമ ധർമ്മങ്ങളുടെ യഥാർത്ഥസ്വരൂപം ജനസമക്ഷം വെച്ചു. ബ്രഹ്മചര്യ പ്രചാരണത്തിനായി ഗുരുകുല ശിക്ഷാപദ്ധതിയേകുറിച്ച് സത്യാർത്ഥ പ്രകാശാദി ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിച്ചു. ആര്യഭാഷ (ഹിന്ദി)യേ രാഷ്ട്രഭാഷയാക്കുന്നതിനായി ഋഷി ദയാനന്ദൻ കഠിനമായി പ്രയത്നിച്ചു.

*(തുടരും)*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | **സന്ധ്യോപാസനയും അഗ്നിഹോത്രവും** | – | ₹ 60.00 |
| (2) | **വേദം – എന്ത്? എന്തിന്? എങ്ങനെ?** | – | ₹ 95.00 |
| (3) | **ആര്യോദയം** | – | ₹ 10.00 |
| (4) | **ആര്യസമാജം എന്ത്? എന്തിന്?** | – | ₹ 10.00 |
| (5) | **സത്യാർത്ഥപ്രകാശം എന്ത്? എന്തിന്?** | – | ₹ 10.00 |
| (6) | **വൈദിക നിത്യകർമ്മ വിധി** | – | ₹ 20.00 |
| (7) | **Vedas in Story form and Chaturvarnyam** | – | ₹ 35.00 |
| (8) | **Dayananda the Great** | – | ₹ 5.00 |

*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 2



"**ഈ** കള്ള രാഷ്ട്രീയ ശകുനിമാർ ജാതി-മത-വംശ-ആചാരാദികളുടെ പേരിൽ ജനങ്ങളെ വഞ്ചിച്ചും തമ്മിലടിപ്പിച്ചും സ്വാർത്ഥാധിഷ്ഠിതചരിത്രം, നോവൽ, കഥ, കവിതാദിസാഹിത്യങ്ങൾ പടച്ച് അവ മുഖേന മാനവമസ്തിഷ്കപ്രക്ഷാളനം നടത്തിയും സുരാപാനികളാക്കിയും വോട്ട് തട്ടി ഭരണത്തിലേറിയും രാജ്യത്തിന്റെ പൊതുമുതലായ ഖജാന കൊള്ളയടിച്ച് കാലിയാക്കിയും സ്വന്തം പത്തായം നിറക്കുന്ന ദേശദ്രോഹികൾ. ജന്മം തന്നനുഗ്രഹിച്ച പ്രകൃതിമാതാവിനെതന്നെ - പെറ്റമ്മയെതന്നെ-ബലാത്ക്കാരം ചെയ്ത് മർദ്ദിച്ചാഹ്ലാദിക്കുന്ന രാക്ഷസവർഗ്ഗങ്ങൾ യുവശക്തിയേ ദുരുപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. വിദ്യാലയങ്ങൾ സജീവരാഷ്ട്രീയപ്പേക്കൂത്തിൽ നിന്ന് മുക്തമാകാത്തിടത്തോളം കാലം ഒന്നും തന്നെ ശരിയാകില്ല. സജീവരാഷ്ട്രീയപ്പേക്കൂത്തിൽ നിന്നകന്ന് നിന്ന് മാനസികോന്നമനത്തിനുതകുന്ന യോഗാഭ്യാസാദികൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തി പ്രായോഗികമാക്കിയാലേ ഭാരതം-പ്രകാശരമിതം-ഭാരതമാകുകയുള്ളൂ. ലോകഭാഷാ മാതാവായ ഈശ്വരപ്രണീത വേദഭാഷാമണിമന്ദിര പ്രവേശനദ്വാരമായ സംസ്കൃതം നിർബ്ബന്ധവിഷയമാക്കണം. എങ്കിലെല്ലാം സുഗമമായ് വരും. സ്ഥാനാധിഷ്ഠിതവും ലോകത്തിൽ വെച്ചേറ്റവും വിപുലമായ വർണ്ണമാലയോടുകൂടിയതും സങ്കീർണ്ണമായതുമായ ആ ദേവഭാഷയുടെ അപഭ്രംശങ്ങളാണ് മറ്റു ലോകങ്ങളെല്ലാം. കാരണം സങ്കീർണ്ണം സങ്കോചത്തിലേക്കേ പോകൂ എന്നതുതന്നെ. നാരായണൻ നാണുവാകും. നാരായണനാവില്ല. ഭാഷാ നിയമമനുസരിച്ച് സംസ്കൃതത്തേ അവഗണിച്ചാൽ ഇഹവുമില്ലാത്ത കേവലം സ്ത്രീബീജോൽപന്ന മാംസപിണ്ഡം പോലെ എന്തോ ഒന്നായിതീരും. ലോകഗുരുവെന്ന് പേർ പെറ്റ ഈ നാട് വീണ്ടും വീണ്ടെടുക്കട്ടെ. അതിനുള്ള ശക്തി സംഭരിച്ചു മുന്നേറണം." രണ്ടാമൻ ഭാവിയിലേക്ക് വിരൽചൂണ്ടി.

പാച്ചന് അവർ പറയുന്നതിന്റെ പൊരുൾ വ്യക്തമായി പിടികിട്ടിയില്ലെങ്കിലും ഇന്നത്തെ ഭരണചക്രം വണ്ടിവലിക്കാൻ പറ്റിയതല്ലെന്ന് മൊത്തത്തിൽ മനസ്സിലായി. ചിലതു ചോദിക്കുകയോ പറയുകയോ വേണമെന്നുണ്ടായിരുന്നു പാച്ചനും. അപ്പോഴേക്കും അതാവരുന്നു ബസ്സ്. ബോർഡ് നോക്കി. "ഗുരുവായൂർ വഴി കുത്തിനാട്." മർമ്മത്തു തോട്ടിയിട്ടു വലിച്ച ആന ചീറുന്നതുപോലെ ചീറികൊണ്ട് ബസ്സ് സ്റ്റോപ്പിലെത്തി. 40 സീറ്റുകളുള്ള ബസ്സിൽ 100 ൽ അധികം ജനം ആണും പെണ്ണുമായി കേറികൂടിയിട്ടുണ്ട്. പിൻഭാഗത്തേ കോണിയിൽ കൂടി ജനം തൂങ്ങി നിൽക്കുന്നു. പാച്ചൻ ഉന്തുംതള്ളും

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**സു**ഖദുഃഖങ്ങൾ ആത്മാവിന്റെ സ്വാഭാവിക ഗുണങ്ങളായിരുന്നുവെങ്കിൽ അവയിൽ നിന്ന് മുക്തിനേടാനുള്ള ശ്രമം വ്യർത്ഥമായേനേ. എന്നാൽ ജീവാത്മാവ് എപ്പോഴും ദുഃഖങ്ങളിൽ നിന്ന് മുക്തനാവാൻ ശ്രമിക്കുന്നു. എല്ലാ പ്രകാരത്തിലുള്ള ദുഃഖങ്ങളിൽ നിന്നും മുക്തനാവുക എന്നതാണ് മനുഷ്യ ജീവന്റെ പരമലക്ഷ്യം. ഇത് സംഭവ്യമായതുകൊണ്ടാണ് ജീവാത്മാവ് അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നും സുഖദുഃഖങ്ങൾ ജീവാത്മാവിന്റെ സ്വാഭാവികഗുണങ്ങളെല്ലാ മറിച്ച് ആകസ്മികഗുണങ്ങളാണെന്ന് മനസ്സിലാക്കാം. എപ്പോഴൊക്കെ ജീവാത്മാവ് പ്രകൃതിയുമായി സമ്പർക്കത്തിൽ വരുന്നുവോ അപ്പോഴൊക്കെ അതിന് സുഖദുഃഖങ്ങളെ നേരിടേണ്ടതായും വരുന്നു. എന്നാൽ വിരക്തി നേടുമ്പോൾ സുഖദുഃഖങ്ങളിൽ നിന്ന് മോചനവും ലഭിക്കുന്നു. അതായത് സുഖദുഃഖങ്ങൾ പുറമേ നിന്ന് വരുന്നവയാണ്. അതുകൊണ്ടുതന്നെയാണ് അവയെ ആകസ്മികഗുണങ്ങൾ എന്നു പറയുന്നത്. ഇവ എപ്പോഴും സംഭവിക്കുന്നില്ല. ചിലപ്പോൾ പ്രത്യക്ഷപ്പെടുകയും മറ്റും ചിലപ്പോൾ മറഞ്ഞിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് എല്ലാ പണ്ഡിതരും ഇവയെ ആകസ്മിക ഗുണങ്ങൾ എന്നു വിളിക്കുന്നത്.

ന്യായസൂത്രമനുസരിച്ച് ആഗ്രഹം, ദ്വേഷം, പ്രയത്നം, സുഖം,ദുഃഖം, ജ്ഞാനം മുതലായവ ജീവാത്മാവിന്റെ ഗുണങ്ങളാണ്. ഇവിടെ ഗുണങ്ങളെന്നാൽ ലക്ഷണങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്. ഏതൊരു ശരീരത്തിലാണോ ജീവാത്മാവിന്റെ വാസമുള്ളത് അവിടെ ഈ ആറു ലക്ഷണങ്ങളും ദർശിക്കാൻ സാധിക്കും. അതു കൊണ്ട് സുഖദുഃഖങ്ങൾ ആത്മാവിന്റെ സ്വാഭാവികഗുണങ്ങളല്ലാ മറിച്ച് ആകസ്മികഗുണങ്ങളാണ്.

*(തുടരും)*

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***







# ആര്യോദ്ദേശ്യ രത്നമാല
## മഹർഷി ദയാനന്ദ സരസ്വതി

*തർജ്ജമ: നചികേതസ്*

(മഹർഷി ദയാനന്ദസരസ്വതിയുടെ 'ആര്യോദ്ദേശ്യ രത്നമാല' എന്ന ലഘുഗ്രന്ഥം വൈദിക ധർമ്മവുമായി ബന്ധപ്പെട്ട 100 പദങ്ങളുടെ വ്യാഖ്യാനമാണ്. ആവശ്യം വരുന്നിടത്ത് ചെറുവിവരണവും നൽകിയിട്ടുണ്ട്. ജിജ്ഞാസുക്കൾക്കിത് ഉപകരിക്കുമെന്നു തോന്നിയതിനാലാണ് ഖണ്ഡശ്ശയായിത് പ്രസിദ്ധീകരിക്കുന്നത്.)

**പത്രാധിപർ**

**1. ഈശ്വരൻ:–** ഏതൊന്നിന്റെ ഗുണകർമ്മസ്വഭാവങ്ങളും സ്വരൂപവും സത്യമാകുന്നുവോ, അവ കേവലം ചേതനാമാത്രവസ്തുവും അദ്വിതീയവും സർവ്വശക്തിമാനും, നിരാകാരനും സർവ്വത്രവ്യാപിച്ചവനും, അനാദിയും അനന്തവുമായ സത്യഗുണങ്ങളുള്ളവനും, അവിനാശി, ജ്ഞാനി, ആനന്ദിതൻ, ശുദ്ധൻ, ന്യായകാരി, ദയാലു, ജന്മമെടുക്കാത്തവൻ എന്നീ സ്വഭാവത്തോടുകൂടിയതും, ഈ ജഗത്തിന്റെ ഉൽപ്പത്തി, പരിപാലനം, വിനാശം എന്നിവ നടത്തുന്നതും ജീവികൾക്ക് പാപ-പുണ്യങ്ങളുടെ ഫലം **കൃത്യ**മായി നൽകുന്നത് കർമ്മമായിട്ടുള്ളതും ആയതാണ് ഈശ്വരൻ.

ഈശ്വരന്റെ സ്വരൂപത്തെ ഇവിടെ സ്പഷ്ടമാക്കുന്നു. ആ പരമാത്മാവ് നിരാകാരനും സച്ചിദാനന്ദസ്വരൂപനുമാണ്. അനാദിയും അനന്തനുമായ അദ്ദേഹം ജന്മമെടുക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. വേദത്തിന്റെ ദൃഷ്ടിയിൽ ഇതാണ് ഈശ്വരന്റെ സ്വരൂപം. ഈശ്വരൻ അവതരിക്കുന്നു എന്നും, ഏഴാം ആകാശത്തിൽ ആസനസ്ഥനായിരിക്കുന്നു എന്നും കുറച്ചു പേർ കരുതുമ്പോൾ മറ്റു ചിലർ സ്വയം ഈശ്വരന്റെ ദൂതനും പ്രവാചകനും മറ്റുമാണെന്ന് ഉദ്ഘോഷിക്കുന്നു. ഇവയെല്ലാം മിഥ്യാജ്ഞാനമാണ്. ഈശ്വരന്റെ ശുദ്ധസ്വരൂപത്തെ അറിയാൻ വേദങ്ങളിലെ ജ്ഞാനം മാത്രമാണുപകരിക്കുക. മറ്റൊന്നുമല്ല, മഹർഷി ദയാനന്ദൻ വേദങ്ങളുടെ കാഴ്ചപ്പാടിലാണ് ഈശ്വരസ്വരൂപത്തേ മുകളിൽ വർണ്ണിച്ചിരിക്കുന്നത്.

**2. ധർമ്മം:–** ഈശ്വരാജ്ഞയെ യഥാവത്പാലിക്കുകയും പക്ഷപാതരഹിതമായി ന്യായപൂർവ്വം സർവ്വഹിതം ചെയ്യുകയും, പ്രത്യക്ഷാദിപ്രമാണങ്ങളാൽ നല്ലവണ്ണം പരീക്ഷി

*ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)*
*സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.*

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

THE ARYA VAIDYA SALA KOTTAKAL
ESTD 1902
വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
കോട്ടയ്ക്കൽ–676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





ച്ചതും വേദോക്തമായതിനാൽ എല്ലാവർക്കും മാനനീയമായതുമെന്താണോ അതാണ് ധർമ്മം.

**3. അധർമ്മം:–** ഈശ്വരാജ്ഞയെ ഉപേക്ഷിച്ച് പക്ഷപാതസഹിതവും അന്യായമായി-പരീക്ഷിച്ചറിയാതെ സ്വന്തം ഹിതം മാത്രമറിഞ്ഞ് അവിദ്യ, നിർബ്ബന്ധബുദ്ധി, മിഥ്യാഭിമാനം, ക്രൂരത തുടങ്ങിയ ദോഷങ്ങളുള്ളതും വേദവിദ്യക്ക് വിരുദ്ധമായതും എല്ലാമനുഷ്യർക്കും ഉപേക്ഷിക്കാൻ യോഗ്യമായതുമാണ് അധർമ്മം.

(തുടരും)

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

## വേദങ്ങൾ

2. വേദജ്ഞാനം സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരൻ അഗ്നി, വായു, ആദിത്യൻ, അംഗിരസ് എന്നീ 4 ഋഷിമാരിലൂടെ ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നീ ക്രമത്തിൽ (നാലുവേദങ്ങളെ) പ്രകാശിപ്പിച്ചു.

ആദിയിൽ വേദം ഒന്നായിരുന്നെന്നും വേദവ്യാസൻ അത് പകുത്ത് നാലാക്കി എന്നുമുള്ള ഒരു ഐതിഹ്യം ചില പുരാണങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഇത് തെറ്റാണ്. വേദങ്ങൾ നാലാണ് എന്നതിന് വേദങ്ങളിൽ തന്നെ പ്രമാണമുണ്ട്. വ്യാസന്റെ പിതാവും പിതാമഹനും പ്രപിതാമഹനുമായ പരാശരനും ശക്തിയും വസിഷ്ഠനും നാലുവേദങ്ങളും പഠിച്ചവരായിരുന്നുവെന്ന പ്രമാണമുള്ളപ്പോൾ വ്യാസൻവേദത്തേ പകുത്ത് നാലാക്കി എന്ന കഥ എങ്ങിനേ വിശ്വസിക്കും. മഹാഭാരതത്തിലെ ആദിപർവ്വത്തിലെ പ്രസിദ്ധമായ ശകുന്തളോപാഖ്യാനത്തിൽ കശ്യപകണ്വന്റെ രമ്യമായ ആശ്രമത്തിൽ ദുഷ്യന്തമഹാരാജാവ് പ്രവേശിച്ച സമയത്ത് ഋഗ്വേദികളിൽ പ്രമുഖരായവർ പദപാഠവും ക്രമപാഠവും ചേർത്ത് ഋഗ്വേദമോതിയതും അഥർവ്വവേദപ്രമുഖർ പദവും ക്രമവും വിടാതെ അഥർവ്വവേദം ആലപിച്ചതും ഭംഗിയായി വിവരിക്കുന്നുണ്ട്. (മഹാഭാരതം ആദിപർവ്വം ശ്ലോകം 31– 33) ദുഷ്യന്തന്റെ കാലം കഴിഞ്ഞ് എത്രയോ ആണ്ടുകൾക്കിപ്പുറമാണ് വ്യാസൻ പിറന്നത് എന്നും ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്.

(തുടരും)

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa***
***(Atharva Veda 3.30.3) Let not a brother hate his brother and***
***let not a sister hate her sister***